പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1341 — 03.12.2015 -ൽ മറുപടിക്ക്

**കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. ദാസൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്ര ഗവൺമെന്റ് നിലവിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ എത്ര ടൺവീതം സംസ്ഥാനത്തിന് അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേന്ദ്ര ഗവണ്മെന്റ് നിലവിൽ ഓരോ മാസവും നോർമൽ വിഹിതമായി എ.പി.എൽ വിഭാഗത്തിന് 36,056 മെ.ടൺ അരിയും, 11,777 മെ.ടൺ ഗോതമ്പും, ബി.പി.എൽ വിഭാഗത്തിന് 26,566 മെ.ടൺ അരിയും 6963 മെ.ടൺ ഗോതമ്പും. എ.എ.വൈ വിഭാഗത്തിന് 20855 മെ.ടൺ അരിയും നല്കുന്നുണ്ട്. അഡ്ഹോക് വിഹിതമായി എ.പി.എൽ വിഭാഗത്തിന് 15,458 മെ.ടൺ അരിയും 5049 മെ.ടൺ ഗോതമ്പും, ബി.പി.എൽ വിഭാഗത്തിന് 7082 മെ.ടൺ അരിയും 2849 മെ.ടൺ ഗോതമ്പും നല്കി വരുന്നുണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഓരോ മാസവും കേന്ദ്രം അനുവദിച്ചതും സംസ്ഥാനം എടുത്തതുമായ ഭക്ഷ്യധാന്യങ്ങൾ ഏതെല്ലാം; അവ എത്ര ടൺ വീതമാണ് ; | (ബി) കഴിഞ്ഞ 2 വർഷത്തിനിടയിൽ ഓരോ മാസവും കേന്ദ്രഗവണ്മെന്റ് നിലവിൽ നോർമൽ വിഹിതമായി എ.പി.എൽ വിഭാഗത്തിന് 36,056 മെ.ടൺ അരിയും, 11,777 മെ.ടൺ ഗോതമ്പും, ബി.പി.എൽ വിഭാഗത്തിന് 26,566 മെ.ടൺ അരിയും, 6963 മെ.ടൺ ഗോതമ്പും, എ.എ.വൈ. വിഭാഗത്തിന് 20855 മെ.ടൺ അരിയും അന്നപൂർണ്ണാ പദ്ധതിക്ക് 369.04 മെ.ടൺ അരിയും വെൽഫെയർ സ്ഥാപനങ്ങൾക്കായി 148.55 മെ.ടൺ അരിയും, 63.67 മെ.ടൺ ഗോതമ്പും നൽകി വരുന്നുണ്ട്.<br>അഡ്ഹോക്ക് വിഹിതമായി എ.പി.എൽ വിഭാഗത്തിന് 15,458 മെ.ടൺ അരിയും, 5049 മെ.ടൺ ഗോതമ്പും, ബി.പി.എൽ വിഭാഗത്തിന് 7082 മെ.ടൺ അരിയും, 2849 മെ.ടൺ ഗോതമ്പും സംസ്ഥാനത്തിന് നൽകി വരുന്നുണ്ട്. ഇത് പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ട്. |
| (സി) അധികമായി ആവശ്യപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്രയാണ്; അവ ലഭിച്ചിട്ടുണ്ടോ ? | (സി) എ.പി.എൽ. വിഭാഗത്തിന് 15,458 മെ.ടൺ അരിയും, 5049 മെ.ടൺ ഗോതമ്പും, ബി.പി.എൽ. വിഭാഗത്തിന് 7082 മെ.ടൺ അരിയും, 2849 മെ.ടൺ ഗോതമ്പും കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് അധിക കേന്ദ്ര വിഹിതം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ